LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങൾ

226 (571) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിക്കുന്നത് ; വിശദമാക്കുമോ ;

(ബി) കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഈ യൂണിറ്റുകൾക്ക് എത്ര രൂപയുടെ സഹായം അനുവദിച്ചു ; വ്യക്തമാക്കുമോ ;

(സി) എത്ര വൻകിട വ്യവസായ യൂണിറ്റുകൾ കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ചു ; അവ ഏതെല്ലാമാണ് ; ഇവയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും പുതിയ വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു :

i. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

ii. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യസ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.

iii. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനും വേണ്ടസൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

iv. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു.

v. വ്യവസായ എസ്റ്റേറ്റുകളിൽ, ലഭ്യതയനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS- Entrepreneur Support Scheme) നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാണ് :

1. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപയാണ്.

2. വനിതാ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്കും യുവ സംരംഭകർക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നത് പരമാവധി 30 ലക്ഷം രൂപയുമാണ്.

3. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

4. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

5. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

(ബി) കഴിഞ്ഞ 4 വർഷത്തിനിടെ വ്യവസായ വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നീ ഏജൻസികൾ മുഖേന ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

875/17

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ നാലുവർഷത്തിനിടെ കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച വൻകിട വ്യവസായ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായിയുടെ മേലുള്ള അഴിമതി ആരോപണം

227 (572) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായി മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി എത്രകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട് ;

(ബി) മലബാർ സിമെന്റ്സിന് ചുണ്ണാമ്പ് വാങ്ങിയതിലും കോൾ ഇറക്കുമതി ചെയ്തതിലും അഴിമതി നടന്നുവെന്ന ആക്ഷേപത്തെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണത്തെ തുടർന്ന് ശ്രീ. ടി. ജോൺ മത്തായി പ്രതിയായിട്ടുള്ള കുറ്റപത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(സി) പ്രതിസ്ഥാനത്തുനിന്ന് ശ്രീ. ജോൺ മത്തായിയെ ഒഴിവാക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; വിജിലൻസ് കോടതിയിൽ ഗവൺമെന്റ് നൽകിയ അപേക്ഷ എന്തായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായി മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ ചെയർമാനായി 11-6-1996 മുതൽ 16-11-2006 വരെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചിട്ടില്ല.

(ബി) ഈ വിഷയം സംബന്ധിച്ച് മൂന്ന് കേസ്സുകൾ (വി.സി.3/2008/പി.കെ.ഡി., വി.സി.07/2008/പി.കെ.ഡി., വി.സി.08/2008/പി.കെ.ഡി.) രജിസ്റ്റർ ചെയ്ത് കുറ്റപത്രം ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ 1-11-2010, 8-2-2011, 18-1-2011 തീയതികളിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട കോടതി സി.സി. 32/2010, സി.സി.22/2011, സി.സി. 2/2011 എന്നിവയായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ഉണ്ട്. 22-2-2012-ലെ ജി.ഒ. (എംഎസ്.) 11/2012/വിജി.നമ്പർ ഉത്തരവ് പ്രകാരമാണ് ഒഴിവാക്കാൻ ഉത്തരവായത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly